## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 387 17.12.2014-ൽ മറുപടിക്ക്

### മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ. മഴവെള്ള സംഭരണം ജനകീയമാക്കുന്നതിനും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിനുമായി കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയാണ് 'വർഷ' പദ്ധതി. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 5182 മഴവെള്ള സംഭരണയൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>മഴവെള്ളം സംഭരണം ജനകീയമാക്കുന്നതിന്റെ ഭാഗമായി കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യൂ .എസ്.എ) മുഖാന്തിരം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകി കൊണ്ട് എ.പി.എൽ/ ബി.പി.എൽ ഭേദമെന്യേ കുടുംബങ്ങൾക്ക് മഴവെള്ള സംഭരണി |

കൾ നിർമ്മിച്ചു നൽകി വരുന്നു. വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം ഏർ പ്പെടുത്തുന്നതിന്റെ ഭാഗമായി കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വിദ്യാലയങ്ങളുടെ ലിസ്റ്റ് ജില്ലാടിസ്ഥാന ത്തിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശേഖരിച്ചു വരുന്നു. 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ കിണർ റീ ചാർജ്ജിംഗിന് തുക ഉൾ പ്പെടുത്തിയിട്ടുണ്ട്.

ബി. പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ ;

ബി. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗി ക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതി കൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരി ക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ 2 ഭവനത്തി ലേക്ക് 10000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചു വരുന്നത്.

ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഇവയാണ്.

- ശുദ്ധമായ കുടിവെള്ളം കുറഞ്ഞ മുതൽ മുടക്കിൽ ഗുണഭോക്താ ക്കൾക്ക് ലഭിക്കുന്നു
- ലളിതമായ സാങ്കേതികവിദ്യ (ഫെറോസിമന്റ്) ഉപയോഗിച്ച് സംഭരണികൾ നിർമ്മിക്കുന്നു
- പദ്ധതിയ്ക്ക് ആവർത്തന ചെലവ് ഏറ്റവും കുറഞ്ഞ തോതിൽ മാത്രം.
- മേൽക്കൂരയിലെ മഴവെള്ളം പാഴാ വാതെ സംഭരിച്ച് ഉപയോഗ പ്പെടുത്താം

- ജല സ്രോതസ്സുകളിലെ ജലത്തിന്റെ ഉപയോഗം പരമാവധി കുറയുകയും വർഷകാലം മുഴുവനും മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുകയും ചെയ്യാം
- വൈദ്യുതി കൂടാതെയുള്ള ജലസംഭരണമാണ് മഴവെള്ള സംഭരണം. വൈദ്യുതിയുടെ ഉപയോഗം കുറയുന്നു.
- മഴവെള്ളം ഉപയോഗിച്ച് ഭൂജല പരിപോഷണം നടത്തുന്നതിലൂടെ ഭൂജലവിതാനത്തിൽ ഗണ്യമായ വർദ്ധനവ് കൊണ്ടുവരാൻ സാധിക്കുന്നു.
- കുടിവെള്ളത്തിന് ഇതര സ്രോതസ്സുകൾ, മാർഗ്ഗങ്ങൾ ഇല്ലാത്തിടങ്ങളിൽ മഴവെള്ള സംഭരണം ഏറ്റവും അനുയോജ്യം

| | |
|---|---|
| സി. ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | സി. വർഷ പദ്ധതി 2002 മുതൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ചെലവിന്റെ 90% കേന്ദ്ര സഹായവും 10% ഉപഭോക്തൃ വിഹിതവുമാണ് എൻ.ജി.ഒ മുഖേന യാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കെ.ആർ.ഡബ്ല്യൂ .എസ്.എ.യുടെ ഭാഗമായ 'മഴകേന്ദ്രം' സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടുംബാംഗങ്ങൾക്ക് പദ്ധതി സഹായം ലഭ്യമാകുന്നു. പരിചയസമ്പന്നരായ സന്നദ്ധ സംഘടനകളുടെ സേവനം സംഭരണികളുടെ നിർമ്മാണത്തിനായി ഉപയോഗ'പ്പെടുത്തുന്നു. |

| | |
|---|---|
| ഡി. വരൾച്ചയെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്നത് വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി. കുടിവെള്ള ലഭ്യത കുറവായ സ്ഥലങ്ങളിൽ വർഷകാലത്ത് മഴ വെള്ളം സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗപ്പെടുത്തുന്നത് മൂലം കുടിവെള്ള ക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കാനാകും<br><br>കെ.ആർ.ഡബ്ല്യൂ.എസ്.എ. മഴവെള്ള സംഭരണികളിൽ നിന്നും നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന മഴവെള്ളം റീചാർജ്ജ് പിറ്റിലേക്ക് ഒഴുക്കി ഭൂജല സംവർധനത്തിന് ഉപയോഗിക്കുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഭൂജല വിതാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയും, ആയത് വരൾച്ചയെ പ്രതിരോധിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. വരൾച്ചാ പ്രതിരോധ പദ്ധതിയുടെ ഭാഗമായി മഴവെള്ള സംഭരണത്തിനായി 15.10.2014 ലെ സ.ഉ (സാധാ) നം.977/14/ജവിവ നമ്പർ ഉത്തരവ് പ്രകാരം 420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ